ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തൽക്കാലം ഉദ്ദേശമില്ല.

സർക്കാർ ജീവനക്കാരുടെ പ്രവൃത്തിദിവസം

11 [2008] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, കെ. മൊയ്തീൻകുട്ടി ഹാജി:
,, പി. എം. അബൂബേക്കർ:
,, പി. കെ. കെ. ബാവ:
,, എം. ജെ. സഖറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രവൃത്തി ദിവസം കേന്ദ്ര സർക്കാർ ജീവനക്കാരുടേതുപോലെ ആഴ്ചയിൽ 5 ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നിലവിലുള്ള രീതി തന്നെ തുടർന്നാൽ മതിയെന്നാണ് സർക്കാരിന്റെ തീരുമാനം.

വോട്ടർ പട്ടിക പുതുക്കുന്നതിൽ കൃത്രിമം ഉണ്ടാകാതിരിക്കുവാൻ നടപടി

12 [2010] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി:
,, നാലകത്തു സൂപ്പി:
,, സി. ടി. അഹമ്മദ് അലി:
,, സി. പി. കുഞ്ഞാലിക്കുട്ടികേയി:
,, ഇസ്ഹാക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോട്ടർ പട്ടിക പുതുക്കുന്നതിൽ കൃത്രിമം ഉണ്ടാകാതിരിക്കുവാനും അത് നീതിപൂർവ്വവും നിഷ്പക്ഷവുമായി നടത്തുവാനും ഇലക്ഷൻ ഉദ്യോഗസ്ഥൻമാരുടെ നിയമനത്തിൽ ഒരഴിച്ചുപണി നടത്തണമെന്ന് എന്തെങ്കിലും ആവശ്യം ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവൺമെൻറ് ഈ ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(സി) എന്നാൽ എന്തു തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം സംബന്ധിച്ച ഒരു നിവേദനം കെ.പി.സി.സി. (ഐ)-യിൽ നിന്ന് ചീഫ് ഇലക്ടറൽ ഓഫീസർക്ക് ലഭിച്ചിട്ടുണ്ട്.

(ബി ആൻറ് സി) ചീഫ് ഇലക്ടറൽ ഓഫീസർ യുക്തമായ നടപടിക്കായി നിവേദനം റവന്യൂവകുപ്പിനയച്ചിട്ടുണ്ട്.

കായംകുളം പോലീസ് സ്റ്റേഷനുവേണ്ടി പണിയുന്ന കെട്ടിടം

13 [2021] ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റേഷനുവേണ്ടി പണിയുന്ന കെട്ടിടത്തിന് ആകെ എന്ത് ചെലവു വരും;

(ബി) പുതിയ കെട്ടിടത്തിൻെറ പണി എന്ന് പൂർത്തിയാകും?

ഉത്തരം

(എ) ഉദ്ദേശം 4,47,275 രൂപ ചെലവുവരും.

(ബി) പണി പൂർത്തിയായിട്ടുണ്ട്.

തിരുവനന്തപുരം പാറശ്ശാല പോലീസ് സ്റ്റേഷനിൽ
ക്രൈം 81/1990 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്

14 [2023] ഡോക്ടർ എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാറശ്ശാല പോലീസ് സ്റ്റേഷനിൽ ക്രൈം 81/1990 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിൽ 5-ാം പ്രതിയായി ചേർത്തിട്ടുള്ള പാറശ്ശാല ഐകാമം ദേശത്ത് താന്നിമൂട് വിള വീട്ടിൽ ചെല്ലപ്പൻ മകൻ ചന്ദ്രൻ തന്നെ പ്രതിസ്ഥാനത്തു നിന്നു വിടുതൽ ചെയ്യിക്കണമെന്ന് ഗവൺമെൻറ് മുമ്പാകെ നിവേദനം നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയോ; എന്തു തീരുമാനമെടുത്തു;

(സി) ഈ കേസിൻെറ ഇപ്പോഴത്തെ നില എന്താണ്;

(ഡി) ചന്ദ്രനെ കേസ്സിൽ മനഃപൂർവ്വം കുടുക്കുകയാണെന്ന പരാതിയെപ്പറ്റി അടിയന്തിരമായി അന്വേഷിച്ച് നിഷ്പക്ഷവും നീതിപൂർവ്വവുമായ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) നിവേദനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly